*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

182th Issue - Volume 5, No. 16 ജാഗ്രത 29th April 2011


"നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നല്കും. ഞാൻ നിങ്ങളോടു കല്പിക്കുന്നു: പരസ്പരം സ്നേഹിക്കുവിൻ"

(യോഹന്നാൻ 15:17)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil



St. Pius V, Pope

## പ്രധാന വാർത്തകൾ

ക്രിസ്തീയത ചരിത്രയാഥാർത്ഥ്യങ്ങളെ അടിസ്ഥാന മാക്കിയത്; ബനഡിക്റ്റ് 16–ാ മൻ മാർപ്പാപ്പ.

---

ജീവകാരുണ്യപ്രവർത്തനങ്ങൾ വിശുദ്ധിയിലേക്കുള്ള പാത: ബിഷപ് മാർ പോളി കണ്ണൂക്കാടൻ.

---

ജീവിതത്തിൽ പരിവർത്തനം നടക്കണം: ബിഷപ് ഡോ.സ്റ്റാൻലി റോമൻ.

---

ഡിഗ്രിതലത്തിലെ ഏകജാലക പ്രവേശനം അംഗീകരിക്കില്ല: മാർ ജോസഫ് പവ്വത്തിൽ

---

കർണ്ണാടകത്തിൽ ഹിന്ദു തീവ്രവാദികൾ ദുഃഖവെള്ളിയാഴ്ച രണ്ടു പ്രൊട്ടസ്റ്റന്റ് പള്ളികൾ അക്രമിച്ചു.

---

ക്രിസ്തീയ മൂല്യങ്ങളുമായി മുതലാളിത്ത വ്യവസ്ഥകൾ യോജിച്ചു പോകുന്നില്ല; അമേരിക്കൻ സർവേ.

---

മുപ്പത്തിയേഴു വർഷമായ കിടപ്പുരോഗിയെ ശുശ്രൂഷിക്കുന്ന ഗവൺമെന്റ് ആശുപത്രി നഴ്സുമാർക്ക് അവാർഡ്.

---

## വാരാന്ത്യവീക്ഷണം

മതവിരുദ്ധതയുടെ രാഷ്ട്രീയം സർവ്വകലാശാലകളിൽ

## ക്രിസ്തീയത ചരിത്രയാഥാർത്ഥ്യങ്ങളെ അടിസ്ഥാന മാക്കിയത്; ബനഡിക്റ്റ് 16–ാ മൻ മാർപ്പാപ്പ

ക്രിസ്തീയത ഈശോയുടെ ഉയർപ്പെന്ന ചരിത്രയാഥാർത്ഥ്യത്തെ അടിസ്ഥാനമാക്കിയുള്ളതാണെന്ന് ബനഡിക്റ്റ് 16–ാ മൻ മാർപ്പാപ്പ വ്യക്തമാക്കി. പരമ്പരാഗതമായ "നഗരത്തിനും ലോകത്തിനും"(ഉർബി എത് ഓർബി–Urbi et Orbi) ആശീർവാദം നല്കുന്നതിനു മുമ്പുള്ള സന്ദേശത്തിലാണ് പരിശുദ്ധ പിതാവ് ഈശോയുടെ ഉയർപ്പ് ഒരു കാഴ്ചപ്പാടോ മിസ്റ്റിക്കൽ ദർശനങ്ങളുടെ ഫലമോ അല്ല. അമൂല്യമായ ഒരു ചരിത്ര മുഹൂർത്തത്തിൽ നടന്നസംഭവമാണ്. എന്ന പ്രബോധനം ഉയർത്തിപ്പിടിച്ചത്.

അന്നു മുതൽ തുടർന്നിങ്ങോട്ടുള്ള കാലങ്ങളിലെല്ലാം ഇപ്പോഴത്തെ സാങ്കേതികമായി പുരോഗതി പ്രാപിച്ച സാമൂഹ്യ സമ്പർക്ക സംവിധാനങ്ങളുടെ കാലത്തും ക്രിസ്ത്യാനികളുടെ വിശ്വാസം അടിസ്ഥാനമാക്കിയിരിക്കുന്നത് ഈ വാർത്തയിലാണ്

കർത്താവിന്റെ കല്ലറയിൽ ആദ്യം എത്തിയവർ കണ്ട ശൂന്യമായ കല്ലറയും ദൂതന്റെ "ക്രൂശിൽ തറക്കപ്പെട്ടവൻ ഉയിർത്തെഴുന്നേറ്റു "എന്ന സന്ദേശവും ഇന്നും ക്രിസ്തു ദൈവമാണെന്ന യാഥാർത്ഥ്യത്തെ പ്രഖ്യാപിക്കുന്നു. മാർപ്പാപ്പ വിശദമാക്കി.

തുടർന്നു 65 ലോകഭാഷകളിൽ മാർപാപ്പ ഈസ്റ്റർ ആശംസകൾ നേർന്നു.

## ജീവകാരുണ്യപ്രവർത്തനങ്ങൾ വിശുദ്ധിയിലേക്കുള്ള പാത: ബിഷപ് മാർ പോളി കണ്ണൂക്കാടൻ



ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തുന്നത് വിശുദ്ധിയിലേക്കുള്ള പാതയാണെന്നും സമൂഹത്തിൽ അവശതയനുഭവിക്കുന്ന പാവപ്പെട്ടവരും ദരിദ്രരുമായ ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനേക്കാൾ വലിയ പുണ്യം മറ്റൊന്നുമില്ലെന്നും രൂപത ബിഷപ് മാർ പോളി കണ്ണൂക്കാടൻ അഭിപ്രായപ്പെട്ടു. ജെ സി ഐ ഇരിങ്ങാലക്കുട സംഘടിപ്പിച്ച ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് പ്രസംഗിക്കുകയായിരുന്നു ബിഷപ്. .

## ജീവിതത്തിൽ പരിവർത്തനം നടക്കണം: ബിഷപ് ഡോ.സ്റ്റാൻലി റോമൻ



നമ്മുടെ ജീവിതത്തിൽ പരിവർത്തനം നടത്തണമെന്നും അതിനായിഇന്നലെ വരെയുള്ള നമ്മുടെ ജീവിതത്തിൽ നിന്നും നാം തിരിച്ചുവരണമെന്നും ബിഷപ് ഡോ.സ്റ്റാൻലി റോമൻ. തങ്കശേരി ഇൻഫന്റ് ജീസസ് കത്തീഡ്രലിൽ നടന്ന ഈസ്റ്റർദിന കുർബാനയിൽ വചനസന്ദേശം പങ്കുവയ്ക്കുകയായിരുന്നു ബിഷപ്. പുതിയൊരു ജീവിതമാണ് ഉദ്ധിതനായ യേശുദേവൻ നമ്മെ ഓർമിപ്പിക്കുന്നതെന്ന് ഡോ.സ്റ്റാൻലി റോമൻ പറഞ്ഞു. ഇന്ന് മനുഷ്യൻ ആഗ്രഹിക്കുന്നത് സുഖലോലുപത നിറഞ്ഞ ജീവിതമാണ്. ഈ ജീവിതംകൊ് എന്തു പ്രയോജനമാണ് ലഭിക്കുന്നതെന്ന് ചിന്തിക്കണം. പഴയ മനുഷ്യനെ ഊരിമാറ്റി പുതിയ മനുഷ്യനെ ധരിക്കണം. അങ്ങനെയേ ഈസ്റ്ററിന്റെ അർഥം വ്യക്തമാകുകയുള്ളൂവെന്ന് ബിഷപ് പറഞ്ഞു. തുടർന്ന് നടന്ന വിശുദ്ധ കുർബാനയിൽ ബിഷപ് മുഖ്യകാർമികത്വം വഹിച്ചു.

## ഡിഗ്രിതലത്തിലെ ഏകജാലക പ്രവേശനം അംഗീകരിക്കില്ല: മാർ ജോസഫ് പവ്വത്തിൽ



വിദ്യാർഥിപ്രവേശനത്തിൽ അപാകതയുണ്ടെങ്കിൽ അതുപരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനുംപകരം വിദ്യാഭ്യാസരംഗംതന്നെ തകർക്കുന്ന ഏകജാലക പ്രവേശനം ഡിഗ്രിതലത്തിൽ നടപ്പിലാക്കുന്നതിനുള്ള ശ്രമം അംഗീകരിക്കാനാവില്ലെന്ന് ഇന്റർചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ചെയർമാൻ ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ. ഏകജാലകത്തിൽ പ്രവേശന പ്രക്രിയ മാസങ്ങളോളം നീണ്ടുപോകുന്നു. അതുകൊണ്ടുതന്നെ കൃത്യമായി ക്ലാസുകൾ ആരംഭിക്കാൻ കഴിയുന്നില്ല. ഇതു പഠനത്തിന്റെ ഗുണനിലവാരത്തെയും നീണ്ടുപോകുന്ന കോഴ്സുകൾ കുട്ടികളുടെ ഉപരിപഠന പ്രവേശനത്തെയും താറുമാറാക്കുന്നു. ഏകജാലകത്തിൽ കടന്നുവരുന്ന ക്രമക്കേടുകൾ ചർച്ചാവിഷയമായിട്ടുണ്ട്. കംപ്യൂട്ടറിൽ ക്രമീകരിക്കുന്നതിനാൽ എല്ലാം സുതാര്യവും ക്രമബദ്ധവുമെന്നു കരുതാനാവില്ലെന്ന് ഈ രംഗത്തു പ്രവർത്തിക്കുന്നവർത്തന്നെ ചൂണ്ടിക്കാട്ടാറുണ്ട്. ഏകജാലകത്തിലെ വിവരങ്ങൾ വേണ്ടവിധത്തിൽ വിലയിരുത്താൻ വിദ്യാർഥികൾക്കും കലാലയാധികൃതർക്കും അവകാശമില്ലെന്നതും ഖേദകരമാണ്. സമയത്തിനു ക്ലാസുകൾ ആരംഭിക്കുകയോ പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുകയോ ചെയ്യാത്തതിനാൽ ഇപ്പോൾത്തന്നെ അപകടാവസ്ഥയിലാണ് നമ്മുടെ ബിരുദപഠനരംഗം. അതുകൊണ്ടുതന്നെ കേരളത്തിലെ യൂണിവേഴ്സിറ്റികൾവിട്ട് സമയത്തിനു പ്രവേശനവും ക്ലാസുകളും പരീക്ഷകളും നടത്തുന്ന മറ്റു യൂണിവേഴ്സിറ്റികൾ തേടി വിദ്യാർഥികൾ പോകുന്നുവെന്നതാണ് വാസ്തവം. ഇവിടെ സീറ്റുകൾ ഒഴിഞ്ഞുകിടക്കുമ്പോൾത്തന്നെ ഏതാണ്ട് മൂന്നു ലക്ഷം വിദ്യാർഥികൾ മറ്റു സംസ്ഥാനങ്ങളിലേക്കു പോകുന്നു.

ഈ പ്രശ്നങ്ങളൊന്നും പരിഹരിക്കാതെ കൂടുതൽ

പ്രതിസന്ധികളിലേക്കു നയിക്കുന്ന തീരുമാനങ്ങൾ യൂണിവേഴ്സിറ്റികൾ കൈക്കൊള്ളുന്നത് കേരള സമൂഹത്തോടുതന്നെയുള്ള വെല്ലുവിളിയാണ്. കലാലയവിദ്യാഭ്യാസത്തോടു ബന്ധപ്പെട്ട വിദ്യാഭ്യാസ ഏജൻസികളോടും മറ്റും ചർച്ചചെയ്യാതെ ഇങ്ങനെയുള്ള തീരുമാനങ്ങൾ എടുക്കുന്നതു നിർഭാഗ്യകരമാണ്. വിദ്യാർഥിപ്രവേശനത്തിൽ ക്രമക്കേടുകൾ വരുന്നുണ്ടെങ്കിൽ അതു പരിഹരിക്കാനുള്ള സംവിധാനം യൂണിവേഴ്സിറ്റിക്കുണ്ട്. കോളജുകളുടെ അവകാശങ്ങൾ കൈയേറി വിദ്യാഭ്യാസം സർവാധിപത്യ സംവിധാനത്തിലേക്കു മാറുന്നത് അപകടകരമാണ്. കോളജ് വിദ്യാഭ്യാസരംഗത്തെ തകർക്കുന്ന തീരുമാനങ്ങളിലേക്കു പ്രത്യയശാസ്ത്രം തലയ്ക്കു പിടിച്ചവർ പോകുന്നത് ബംഗാളിലേതുപോലെ ഇവിടത്തെ വിദ്യാഭ്യാസരംഗവും താറുമാറാക്കുന്നതിനു വേണ്ടിയാണെന്നു തോന്നിപ്പോകുന്നതായി മാർ പവ്വത്തിൽ അഭിപ്രായപ്പെട്ടു

**കർണ്ണാടകത്തിൽ ഹിന്ദു തീവ്രവാദികൾ ദുഃഖവെള്ളിയാഴ്ച രണ്ടു പ്രൊട്ടസ്റ്റന്റ് പള്ളികൾ അക്രമിച്ചു.**

---

സംഘപരിവാർ സംഘടനയിൽപ്പെടുന്ന ഹിന്ദു തീവ്രവാദികൾ 'ബഗാൾ കോട്ട , ഭവാൻ ഗിരി' ജില്ലകളിലുള്ള പ്രൊട്ടസ്റ്റന്റ് പ്രാർത്ഥനാലയങ്ങൾ അക്രമിച്ചു. പ്രാർത്ഥനാലയത്തിൽ ഇരച്ചു കയറിയ തീവ്രവാദികൾ ക്രൈസ്തവരോട് ഹിന്ദു മതത്തിലേക്ക് മതപരിവർത്തനം ചെയ്യണമെന്ന് ആവശ്യപ്പെട്ടു. ദുഃഖവെള്ളിയാഴ്ച നടന്ന ഈ തീവ്രവാദികളുടെ അക്രമത്തിൽ ക്രിസ്ത്യാനികളുടെ ഗ്ലോബൽ കൗൺസിൽ പ്രതിഷേധം രേഖപ്പെടുത്തുകയും ദൈവാലയങ്ങൾക്കു സംരക്ഷണം ആവശ്യപ്പെടുകയും ചെയ്തു.

അക്രമികൾ പാസ്റ്റർമാരെ അധിക്ഷേപിക്കുകയും അക്രമിക്കുകയും ചെയ്തു. ബൈബിളും പ്രാർത്ഥനാപുസ്തകങ്ങളും കീറിനശിപ്പിച്ചു. പാസ്റ്റർമാരേയും ശുശ്രൂഷികളെയും ആറുമണിക്കൂറോളം പൂട്ടിയിടുകയും ചെയ്തു.

**ക്രിസ്തീയ മൂല്യങ്ങളുമായി മുതലാളിത്ത വ്യവസ്ഥകൾ യോജിച്ചു പോകുന്നില്ല; അമേരിക്കൻ സർവേ**

---

അമേരിക്കയിൽ അടുത്തകാലത്തു നടത്തിയ പഠനമനുസരിച്ച് 44% അമേരിക്കക്കാരും ക്രിസ്തീയതയും മുതലാളിത്ത വ്യവസ്ഥയും രണ്ടു വഴികളാണ്. എന്നാണ് അഭിപ്രായം രേഖപ്പെടുത്തിയത്. 36% പേർ ഇതുരണ്ടും യോജിച്ചു പോകുമെന്ന അഭിപ്രായക്കാരാണ്. പബ്ലിക് റിലീജിയൻ റിസർച്ച് നടത്തിയ സർവ്വേയാണ് ഇക്കാര്യം വ്യക്തമാക്കിയത്.

ചിലവ്യക്തികളിലേക്ക് അധികമായി പണം കുമിഞ്ഞു കൂടുന്നുവെന്ന് 62% അമേരിക്കക്കാരും കരുതുന്നു. അത് ഏറ്റവും വലിയ പ്രശ്നമായി അവർ ഉയർത്തിക്കാട്ടുകയും ചെയ്യുന്നു. വൈദീകർ സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് പ്രസംഗിക്കണമെന്നുതന്നെയാണ് നല്ലപങ്ക് അമേരിക്കക്കാരും ആഗ്രഹിക്കുന്നത്.

**മുപ്പത്തിയേഴു വർഷമായ കിടപ്പുരോഗിയെ ശുശ്രൂഷിക്കുന്ന ഗവൺമെന്റ് ആശുപത്രി നഴ്സുമാർക്ക് അവാർഡ്**

---

ഈ വർഷത്തെ പ്രോ-ലൈഫ് അവാർഡ് 37 വർഷമായി ചലനമോ പ്രതികരണമോ ഇല്ലാത്ത രോഗിയെ പരിചരിക്കുന്ന ഗവൺമെന്റ് ഹോസ്പിറ്റലിലെ നഴ്സുമാർക്കു നല്കി.

മുംബൈയിലെ കിംഗ് എഡ്വേർഡ് മെമ്മോറിയൽ ആശുപത്രിയിൽ വച്ചു നടന്ന ചടങ്ങിൽ വച്ചാണ്. ബോംബെ അതിരൂപതയുടെ സഹായമെത്രാൻ ബിഷപ് ഗ്രേഷ്യസ് അവാർഡു സമ്മാനിച്ചത്.

അരുണ ഷാൻബാഗ് എന്ന നഴ്സ് ബലാൽസംഘ ശ്രമത്തിനിടയിൽ ബോധരഹിതയായി. ചലനശേഷിയും പ്രതികരണശേഷിയും നഷ്ടപ്പെട്ട അവരെ ഹോസ്പിറ്റലിലെ തന്നെ മേട്രനും മറ്റു നേഴ്സുന്മാരും ചേർന്ന് ഇക്കാലമത്രയും പരിചരിക്കുകയായിരുന്നു. "മാതൃകാപരമായ പരിഗണനയോടും ശ്രദ്ധയോടും കൂടി അരുണയെ ശുശ്രൂഷിച്ച നേഴ്സുമാരെ ആദരിക്കേണ്ടത്" ആവശ്യമാണെന്ന്, ബിഷപ് ഗ്രേഷ്യസ് തന്റെ പ്രസംഗത്തിൽ വ്യക്തമാക്കി.

സിസ്റ്റർ അനൻസിയാത്ത RGS സുവർണ്ണ ജൂബിലി അവാർഡ് അഞ്ചുവർഷം മുമ്പ് ആരംഭിച്ചതാണ്. പ്രോ-ലൈഫ് രംഗത്ത് മാതൃകാപരമായി പ്രവർത്തിക്കുന്ന വ്യക്തിക്കോ സ്ഥാപനത്തിനോ ആണ് ഈ ആദരവ് അർപ്പിക്കപ്പെടുന്നത്.

വെള്ളിഫലകവും ഒരു ലക്ഷം രൂപയുമാണ് അവാർഡായി നല്കുന്നത്. ഡോ. അന്തോണി സെക്വീറ എന്ന കത്തോലിക്കാ ഡോക്ടർ സംഭാവന ചെയ്ത മൂന്നുലക്ഷം രൂപയും നഴ്സുമാർക്ക് ബിഷപ് സമ്മാനിച്ചു. ദൈവം ദാനമായി നല്കുന്ന ജീവനെ സംരക്ഷിക്കണമെന്ന നിലപാടിൽ ഉറച്ചു നിന്നു പ്രവർത്തിക്കുന്ന നഴ്സുമാരെ ബിഷപ് ഗ്രേഷ്യസ് അഭിനന്ദിച്ചു.

ഷാൻബാഗിനെ മുറിയിൽ എത്തി സന്ദർശിച്ച ബിഷപ് അവർക്കുവേണ്ടി നിശ്ശബ്ദം പ്രാർത്ഥിക്കുകയും ഒരു റോസാപൂവ് തലയിണയോട് ചേർത്തു വയ്ക്കുകയും ചെയ്തു.

ഹോസ്പിറ്റൽ മേട്രൺ 'നിർമ്മല രാജഗോപാൽ' "ഞങ്ങൾക്ക് ഈ ഒരു അവാർഡ് ഏറെ പ്രചോതനം പകരുന്നു. അരുണ ഷാൻബാഗ് ഞങ്ങളുടെ സഹോദരി ദൈവത്തിന്റെ ഒരു ദാനമാണ്. ആശുപത്രിയിൽ അന്ത്യശ്വാസം വലിക്കുംവരെ അവരെ ഞങ്ങൾ സംരക്ഷിക്കും". എന്ന് പ്രഖ്യാപിച്ചു. അവാർഡുതുക ഓരോവർഷവും യോഗ്യരായ നഴ്സിങ്ങ് വിദ്യാർത്ഥിക്ക് സ്ക്കോളർഷിപ്പായി നല്കുമെന്നും അവർ പ്രഖ്യാപിച്ചു.

## വാരാന്ത്യവീക്ഷണം

### മതവിരുദ്ധതയുടെ രാഷ്ട്രീയം സർവ്വകലാശാലകളിൽ

---

പ്രത്യയശാസ്ത്രപരമായി മതവിരുദ്ധതപുലർത്തുന്ന രാഷ്ട്രീയ കക്ഷികൾ ഈ മതവിരുദ്ധത രാഷ്ട്രീയമായി നടപ്പിലാക്കാൻ ശ്രമിക്കുന്നു എന്നതാണ് കേരളത്തിൽ നമ്മൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം. അത് പാഠപുസ്തകങ്ങളിലൂടെയും അദ്ധ്യാപക പരിശീലനത്തിലൂടെയും കൈപ്പുസ്തകങ്ങളിലൂടെയും ചോദ്യപേപ്പറുകളിലൂടെയും കടന്നു വരുന്നു. വിദ്യാർത്ഥി പ്രവേശനം അദ്ധ്യാപക നിയമനം പ്രിൻസിപ്പൽ നിയമനം എന്നീ കാര്യങ്ങളിൽ തടസങ്ങൾ ഏർപ്പെടുത്തി ആസൂത്രിതമായും വ്യാപകമായും നമ്മുടെ സ്ഥാപനങ്ങളിൽ മതവിരുദ്ധത അടിച്ചേല്പിക്കുന്നു. ഈ ഒരു നീക്കത്തിന്റെ ഭാഗമായിട്ടാണ് ക്രൈസ്തവർക്ക് മതന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ സ്വാതന്ത്ര്യവും അവകാശവും ഇല്ല എന്ന ഗാന്ധിയൂണിവേഴ്സിറ്റി അധികൃതരുടെ തീരുമാനം കാണാൻ കഴിയുന്നത്.

മതവിശ്വാസത്തെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നവരായിരുന്നു നമ്മുടെ ജനാധിപത്യത്തിനും ഭരണഘടനക്കും രൂപംനല്കിയത്. അതുകൊണ്ട് ഒരു മതത്തോടും താദാത്മ്യപ്പെടാത്ത, എല്ലാമതങ്ങളെയും ഒരുപോലെകാണുന്ന, മതസ്വാതന്ത്ര്യവും മതപ്രചരണസ്വാതന്ത്ര്യവും അംഗീകരിക്കുന്ന ഒരു മതേതരകാഴ്ചപ്പാടാണ് ഇന്ത്യൻ ജനാധിപത്യത്തിന്റേത്. എന്നാൽ മതവിരുദ്ധത പ്രത്യയ ശാസ്ത്രമായി കൊണ്ടു നടക്കുന്നവർ മതവിരുദ്ധതയെ തന്നെ മതേതരത്വമായി ചിത്രീകരിക്കുകയും മതവിശ്വാസത്തെ വർഗ്ഗീയതയായി അവതരിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ മതവിശ്വാസത്തെ അധിക്ഷേപിച്ചും അക്രമിച്ചും ഉത്മൂലനം ചെയ്യാൻ ശ്രമിക്കുന്നു. അതിന്റെ ഭാഗമാണ് മതന്യൂനപക്ഷമായ ക്രൈസ്തവർക്ക് ഭരണഘടനാപരമായ വിദ്യാഭ്യാസ അവകാശം ഇല്ലെന്ന മഹാത്മാഗാന്ധിയൂണിവേഴ്സിറ്റിയുടെ നിലപാട്.

ജനാധിപത്യമെന്നത് ഭൂരിപക്ഷത്തിന്റെ ഭരണമായതുകൊണ്ട് ന്യൂനപക്ഷങ്ങൾ പ്രത്യേകിച്ചും ഭാഷാ-മതന്യൂനപക്ഷങ്ങൾ ഞെരുക്കപ്പെടാനും ഉത്മൂലനം ചെയ്യപ്പെടാനും സാദ്ധ്യതയുണ്ട്. അവരുടെ നിലനില്പും സംരക്ഷണവും ഉറപ്പുവരുത്താൻ വിദ്യഭ്യാസ സ്വാതന്ത്ര്യം നല്കലാണ് അത്യാവശ്യം. അതായത് സ്വന്തമായി വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തി അവിടെ വിദ്യാർത്ഥികളെ പഠിപ്പിച്ച് സ്വന്തം സംസ്കാരവും വിശ്വാസവും സംരക്ഷിച്ചു നിലനില്ക്കാൻ കഴിയുക. ഇന്ത്യൻ ഭരണഘടന 30(1)ൽ ഈ അവകാശവും സ്വാതന്ത്ര്യവും ഉറപ്പാക്കുന്നു. കേരളത്തിലുള്ള തമിഴർ തങ്ങളുടെ വിദ്യാലയങ്ങൾ നടത്തി സ്വന്തം സംസ്കാരവും മറ്റും സംരക്ഷിക്കാൻ ഇത് അവകാശം നല്കുന്നു. ഒപ്പം ന്യൂനപക്ഷമതങ്ങൾക്കും.

ന്യൂനപക്ഷാഅവകാശം മതവിശ്വാസത്തെ സംരക്ഷിക്കുന്നതായതുകൊണ്ടു തന്നെ അതിനെ പ്രായോഗികമായി ഇല്ലായ്മ ചെയ്യാൻ മതവിരുദ്ധത പ്രത്യയശാസ്ത്രമായുള്ളവർ ശ്രമിക്കുന്നു. 1957 ലെ ഇ.എം.എസ്. മന്ത്രി സഭയിലെ ശ്രീ. ജോസഫ് മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ നിയമം മുതൽ 2006 ലെ സ്വാശ്രയ വിദ്യാഭ്യാസ നിയമം വരെ ഈ ഒരു നിലപാടിൽ ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ സ്വാതന്ത്ര്യവും അവകാശവും നിഷേധിക്കുന്നതായിരുന്നു. അതിന്റെ ചുവടുപിടിച്ചാണ് ഇപ്പോൾ എം. ജി. യൂണിവേഴ്സിറ്റി പ്രിൻസിപ്പൽ നിയമനാവകാശം ക്രൈസ്തവമാനേജ്മെന്റുകൾക്ക് നിഷേധിച്ചത്.

മതവിരുദ്ധത തലക്കുപിടിച്ചവർ ഇന്ത്യൻ ജനാധിപത്യത്തെയും ഭരണഘടനയേയും, ന്യൂനപക്ഷങ്ങളുടെ സ്വാതന്ത്ര്യത്തെയും അവകാശത്തെയും കോടതിവിധികളെയും അവഗണിച്ചുകൊണ്ട് സർവ്വാധിപത്യ രീതികളിലേക്കു പോകുന്നുവെന്നതാണ് ഈ തീരുമാനത്തിൽ കാണാൻ കഴിയുന്നത്. ഇതിനെ നിയമപരമായും ജനാധിപത്യപരമായും നമ്മൾ നേരിടുകതന്നെ ചെയ്യും.

**"Jagratha News"** - An internet news service is free and for private circulation
**Web:** www.kcbcsocialharmony.org
**Blog:** jagrathakcbc.blogspot.com
**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA